**മധുരമായ കുട്ടികളേ:- ബാബയെ ഓർമ്മിയ്ക്കുന്നതിനോടൊപ്പം ജ്ഞാനധനത്താലും സമ്പന്നരാകൂ, ബുദ്ധിയിൽ മുഴുവൻ ജ്ഞാനവും കറങ്ങിക്കൊണ്ടിരുന്നാൽ അപാര സന്തോഷമുണ്ടാകും, സൃഷ്ടി ചക്രത്തിന്റെ ജ്ഞാനത്തിലൂടെ നിങ്ങൾ ചക്രവർത്തി രാജാവാകും.**

**ചോദ്യം:-** ഏതു കുട്ടികൾക്കാണ് ബാബയോടു പ്രീതി വെക്കാൻ സാധിക്കാത്തത്?
**ഉത്തരം:-** വികാരങ്ങളെ ഇഷ്ടപ്പെടുന്ന, ഘോര നരകത്തിൽ വസിയ്ക്കുന്ന മനുഷ്യർക്ക് ബാബയോടു പ്രീതി വയ്ക്കുവാൻ സാധിയ്ക്കില്ല. നിങ്ങൾ കുട്ടികൾ ബാബയെ തിരിച്ചറിഞ്ഞു, അതുകൊണ്ട് നിങ്ങൾക്ക് ബാബയോടാണ് പ്രീതി.

**ചോദ്യം :-** ആർക്കൊക്കെ സത്യയുഗത്തിൽ വരാനുള്ള നിയമമേ ഇല്ല?
**ഉത്തരം:-** ബാബയ്ക്ക് സത്യയുഗത്തിൽ വരേണ്ടതില്ല, അതുകൊണ്ട് കാലനും അവിടെ വരാൻ സാധിയ്ക്കില്ല. രാവണനു സത്യയുഗത്തിൽ വരാനുള്ള നിയമം ഇല്ല, അതുപോലെ ശിവബാബയ്ക്കും സത്യയുഗത്തിൽ വരാനുള്ള നിയമമില്ല. ബാബ നിങ്ങളെ സുഖധാമത്തിന്റെ യോഗ്യരാക്കി വീട്ടിലേയ്ക്കു കൊണ്ടു പോകുന്നു, ബാബയ്ക്കും പരിമിതികളുണ്ട്.

**ഓം ശാന്തി**. ആത്മീയ അച്ഛൻ ആത്മീയ കുട്ടികൾക്ക് മനസ്സിലാക്കി തരുന്നു. ആത്മീയ കുട്ടികൾ ഓർമ്മയുടെ യാത്രയിലാണോ ഇരിക്കുന്നത്? നമ്മൾ ആത്മാക്കൾ ഓർമ്മയുടെ യാത്രയിലാണെന്നുള്ള ജ്ഞാനം ഉള്ളിലുണ്ടല്ലോ? യാത്ര എന്ന വാക്ക് തീർച്ചയായും മനസ്സിൽ ഉണ്ടായിരിയ്ക്കണം. ഹരിദ്വാറിലും അമർനാഥിലും മറ്റുള്ളവർ യാത്ര പോകുന്നതു പോലെ. യാത്ര പൂർത്തിയായിക്കഴിഞ്ഞാൽ പിന്നെ തിരിച്ചു വരുന്നു. ഇവിടെ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട് നമ്മൾ ശാന്തിധാമത്തിലേയ്ക്കാണ് പോകുന്നത്. ബാബ വന്നു കൈ പിടിച്ചു. കൈ പിടിച്ചു അക്കരയ്ക്കു കൊണ്ടു പോകാറില്ലേ. കൈ പിടിയ്ക്കൂ എന്നു പറയുന്നുമുണ്ട് കാരണം വിഷയസാഗരത്തിൽ മുങ്ങി കിടക്കുകയാണ്. ഇപ്പോൾ നിങ്ങൾ ശിവബാബയേയും വീടിനേയും ഓർമ്മിയ്ക്കൂ. നമ്മൾ പൊയ്ക്കൊണ്ടിരിയ്ക്കുകയാണ് എന്ന് ഉള്ളിൽ എപ്പോഴും തോന്നണം ഇതിൽ വായ് കൊണ്ട് ഒന്നും പറയേണ്ട ആവശ്യം ഇല്ല. ബാബ കൊണ്ടു പോകുവാൻ വേണ്ടി വന്നിരിയ്ക്കുകയാണ് എന്നു ഉള്ളിൽ ഓർമ്മ ഉണ്ടായിരുന്നാൽ മതി. തീർച്ചയായും ഓർമ്മയുടെ യാത്ര നടത്തണം. ഈ ഓർമ്മയുടെ യാത്രയിലൂടെ തന്നെയാണ് നിങ്ങളുടെ പാപം തീരുന്നത്. അപ്പോൾ തന്നെയാണ് ഉയർന്ന ലക്ഷ്യത്തിൽ എത്തിച്ചേരുന്നതും. ചെറിയ കുട്ടികളെ പഠിപ്പിയ്ക്കുന്നതുപോലെ ബാബ എത്ര വ്യക്തമായാണ് മനസ്സിലാക്കി തരുന്നത്. സദാ ബുദ്ധിയിലുണ്ടായിരിയ്ക്കണം നമ്മൾ ബാബയെ ഓർമ്മിച്ചു പൊയ്ക്കൊണ്ടിരിയ്ക്കുകയാണ്. പാവനമാക്കി പാവന ലോകത്തിലേക്ക് കൊണ്ടുപോകുക ഇതാണ് ബാബയുടെ കർത്തവ്യം. കുട്ടികളെ കൊണ്ടുപോകുന്നു. ആത്മാവിനു തന്നെ യാത്ര ചെയ്യണം. നമ്മൾ ആത്മാക്കൾക്ക് ബായെ ഓർമ്മിച്ചു വീട്ടിലേയ്ക്കു പോകണം. വീട്ടിലേയ്ക്കെത്തിക്കഴിഞ്ഞാൽ പിന്നെ ബാബയുടെ കർത്തവ്യം പൂർത്തിയായി. ബാബ വരുന്നതു തന്നെ പതിതത്തിൽ നിന്നും പാവനമാക്കി കൊണ്ടു പോകുന്നതിനാണു. പഠിത്തം പഠിയ്ക്കുന്നത് ഇവിടെ തന്നെയാണു. കറങ്ങിക്കോളൂ, ചുറ്റിതിരിഞ്ഞോളൂ, ജോലികാര്യങ്ങളൊക്കെ ചെയ്തോളൂ, പക്ഷെ ബുദ്ധിയിൽ ഇത് ഓർമ്മയുണ്ടായിരിയ്ക്കണം. യോഗം എന്ന വാക്കിൽ യാത്ര സിദ്ധമാകുന്നില്ല. യോഗം സന്ന്യാസിമാർക്കുള്ളതാണ്. അതെല്ലാം മനുഷ്യരുടെ അഭിപ്രായമാണ്. അരകല്പം നിങ്ങൾ മനുഷ്യമതമനുസരിച്ചു നടന്നു. അരകല്പം ദൈവീക മതം അനുസരിച്ചു നടന്നിരുന്നു. ഇപ്പോൾ നിങ്ങൾക്ക് ഈശ്വരീയമതം ലഭിയ്ക്കുന്നു.

യോഗം എന്ന വാക്ക് പറയേണ്ട, ഓർമ്മയുടെ യാത്ര എന്നു പറയൂ. ആത്മാവിന് ഈ യാത്ര ചെയ്യണം. ഭൗതിക യാത്ര ശരീരം കൊണ്ടു ചെയ്യുന്നു. ഇവിടെ ശരീരം കൊണ്ടുള്ള ജോലിയേ ഇല്ല. ആത്മാവിനറിയാം നമ്മൾ ആത്മാക്കളുടെ മധുരമായ വീടാണത്. ബാബ തരുന്ന ശിക്ഷണത്തിലൂടെ നമ്മൾ പാവനമാകും . ബാബയെ ഓർമ്മിച്ച് നമുക്ക് തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമാകണം. ഇതാണ് യാത്ര. നമ്മൾ ബാബയെ ഓർമ്മിയ്ക്കുന്നു, കാരണം ബാബയോടൊപ്പം തന്നെ വീട്ടിലേയ്ക്കു പോകണം. ബാബ വരുന്നതു തന്നെ പാവനമാക്കാനാണ്, അതിനാൽ പാവനലോകത്തിലേയ്ക്ക് തന്നെ പോകണം. ബാബ പാവനമാക്കുന്നു. അതിനു ശേഷം നമ്പർവാർ പുരുഷാർത്ഥമനുസരിച്ച് പാവനലോകത്തിൽ പോകും. ഈ ജ്ഞാനം ബുദ്ധിയിലുണ്ടായിരിയ്ക്കണം. നമ്മൾ ഓർമ്മയുടെ യാത്രയിലാണ്. നമുക്ക് തിരിച്ച് ഈ മൃത്യൂലോകത്തിലേയ്ക്ക് വരേണ്ടതില്ല. ബാബയുടെ കർത്തവ്യമാണ് നമ്മളെ തിരിച്ചു വീടുവരെ എത്തിയ്ക്കുക. ബാബ വഴി പറഞ്ഞു

തരികയാണ്, ഇപ്പോൾ നിങ്ങൾ മൃത്യുലോകത്തിലാണ് ഇനി നിങ്ങൾ അമരലോകത്തിലെത്തും. യോഗ്യനാക്കി തന്നെയാണ് ബാബ അയയ്ക്കുന്നത്. സുഖധാമം വരെ ബാബ കൊണ്ടു പോകുന്നില്ല. വീട് വരെ മാത്രം എത്തിക്കുക എന്ന പരിധിയുണ്ട് ബാബയ്ക്ക്. ബുദ്ധിയിൽ ഈ മുഴുവൻ ജ്ഞാനവും ഉണ്ടായിരിയ്ക്കണം. വെറുതെ ബാബയെ മാത്ര ഓർമ്മിച്ചാൽ പോരാ ഒപ്പം ജ്ഞാനവും ഉണ്ടായിരിയ്ക്കണം, ജ്ഞാനത്തിലൂടെ നിങ്ങൾ ധനം സമ്പാദിയ്ക്കുന്നു. ഈ സൃഷ്ടീചക്രത്തിന്റെ ജ്ഞാനത്തിലൂടെ നിങ്ങൾ ചക്രവർത്തീ രാജാവാകുന്നു. ഈ ജ്ഞാനം ബുദ്ധിയിലുണ്ട്, ഇതിൽ ചക്രവും കാണിച്ചിട്ടുണ്ട്. ഇനി നമ്മൾ വീട്ടിലേയ്ക്കു പോകും, ആദ്യം മുതൽ വീണ്ടും ചക്രം കറങ്ങാൻ തുടങ്ങും. ഈ ജ്ഞാനം മുഴുവൻ ബുദ്ധിയിലുണ്ടെങ്കിൽ സന്തോഷം വർദ്ധിയ്ക്കും. ബാബയേയും ഓർമ്മിയ്ക്കണം, ശാന്തീധാമത്തിനേയും സുഖധാമത്തിനേയും ഓർമ്മിയ്ക്കണം. 84ന്റെ ചക്രത്തിനെ ഓർമ്മിയ്ക്കുന്നില്ലെങ്കിൽ എങ്ങനെ ചക്രവർത്തീരാജാവാകും? ഒന്നിനെ മാത്രം ഓർമ്മിയ്ക്കുക സന്ന്യാസിമാരുടെ കർത്തവ്യമാണ് കാരണം അവർക്ക് ബാബയെ അറിയില്ല. അവർ ബ്രഹ്മത്തിനെ മാത്രം ഓർമ്മിയ്ക്കുന്നു. കുട്ടികൾക്ക് ബാബ നല്ല രീതിയിൽ മനസ്സിലാക്കി തരുന്നു. ബാബയെ ഓർമ്മിച്ച് തന്നെ നിങ്ങളുടെ പാപം ഇല്ലാതാക്കണം. ആദ്യം വീട്ടിലേയ്ക്കു പോകണം ഇതാണ് ഓർമ്മയുടെ യാത്ര. പാടാറുണ്ട് നാലുഭാഗത്തും അലഞ്ഞുതിരിഞ്ഞിട്ടും എപ്പോഴും ദൂരെത്തന്നെ, അർത്ഥം ബാബയിൽ നിന്നും അകന്ന് തന്നെ. പരിധിയില്ലാത്ത സമ്പത്തു തരുന്ന ബാബയെ അറിയുന്നതേയില്ല. എത്ര പ്രാവശ്യം ചക്രം തിരിച്ചു. ചിലർ എല്ലാ വർഷവും യാത്രയ്ക്കു പോകാറുണ്ട്. പണം കൂടുതലുണ്ടെങ്കിൽ യാത്ര ചെയ്യാൻ തോന്നും. നിങ്ങളുടെ യാത്ര ആത്മീയ യാത്രയാണ്. നിങ്ങൾക്ക വേണ്ടി പുതിയ ലോകം തയ്യാറാകും. പുതിയ ലോകത്തിൽ വരുന്നവർ നിങ്ങൾ തന്നെയാണ്, പുതിയ ലോകത്തെ അമരലോകം എന്നു പറയുന്നു. ആരെയും കൊണ്ടു പോകുവാൻ വേണ്ടി അവിടെ കാലൻ ഇല്ല. പുതിയ ലോകത്തിൽ വരാനുള്ള അനുവാദം കാലനില്ല. രാവണന്റെ ലോകം ഈ പഴയലോകമാണ്. ഈ ലോകത്തിലാണ് നിങ്ങൾ ബാബയെ വിളിയ്ക്കുന്നതും. ബാബ പറയുന്നു ഞാൻ പഴയ ലോകത്തിൽ പഴയ ശരീരത്തിൽ വരുന്നു. എനിക്കും പുതിയ ലോകത്തിൽ വരാനുള്ള അനുവാദം ഇല്ല. ഞാൻ പതീതരെ പാവനമാക്കുവാനാണ് വരുന്നത്. നിങ്ങൾ പാവനമായി മറ്റുള്ളവരേയും പാവനമാക്കുന്നു. സന്ന്യാസിമാർ വീടുപേക്ഷിയ്ക്കുന്നവരാണ്. വീട്ടിൽ നിന്നും അപ്രത്യക്ഷമാകുന്നവരാണ്. എങ്ങോട്ടേയ്ക്കു പോയി എന്നുപോലും അറിയുവാൻ സാധിയ്ക്കില്ല കാരണം അവർ വേഷം തന്നെ മാറ്റുന്നു. അഭിനേതാക്കൾ വേഷം മാറ്റുന്നതു പോലെ. ചിലപ്പോൾ സ്ത്രീ പുരുഷനാകുന്നു, ചിലപ്പോൾ പുരുഷൻ സ്ത്രീയാകുന്നു. ഇങ്ങനെയും രൂപം മാറാറുണ്ട്. സത്യയുഗത്തിൽ ഇങ്ങനെയുള്ള കാര്യങ്ങളൊന്നും തന്നെ ഇല്ല.

ബാബ പറയുന്നു ഞാൻ വരുന്നത് പുതിയ ലോകം പണിയാനാണ്. അരകൽപ്പം നിങ്ങൾ കുട്ടികൾ രാജ്യം ഭരിച്ചു പിന്നെ ഡ്രാമാ പ്ലാൻ അനുസരിച്ച് ദ്വാപരയുഗം ആരംഭിച്ചു, ദേവതകൾ വാമമാർഗത്തിലേയ്ക്കു പോയി, അവരുടെ മോശമായ ചിത്രങ്ങൾ ജഗന്നാഥപുരിയിൽ കാണിച്ചുണ്ട്. ജഗന്നാഥന്റെ ക്ഷേത്രമാണ്. ജഗന്നാഥന്റെ രാജധാനി ഉണ്ടായിരുന്നു. ജഗന്നാഥൻ തന്നെയാണ് വിശ്വത്തിന്റെ അധികാരിയായിരുന്നത്. അവർ പിന്നെ ക്ഷേത്രത്തിലകപ്പെട്ടു, കറുത്തതായി കാണിച്ചിരിയ്ക്കുന്നു. ഈ ജഗന്നാഥന്റെ ക്ഷേത്രത്തിനെ ക്കുറിച്ച് നിങ്ങൾക്ക് നന്നായി പറഞ്ഞുകൊടുക്കുവാൻ കഴിയും. വേറെയാർക്കും ഇതിന്റെ അർത്ഥം പറയുവാൻ കഴിയില്ല. ദേവതകൾ തന്നെയാണ് പൂജ്യനിൽ നിന്നും പൂജാരിയാകുന്നത്. ആളുകൾ എല്ലാകാര്യവും ഭഗവാനുമായി ബന്ധപ്പെടുത്തി പറയുന്നു, ഭഗവാൻ തന്നെയാണ പൂജ്യൻ, ഭഗവാൻ തന്നെയാണ പൂജാരി, ഭഗവാൻ തന്നെയാണ് സുഖം തരുന്നത് ഭഗവാൻ തന്നെയാണ് ദു:ഖം തരുന്നത് എന്നൊക്കെ. ബാബ പറയുന്നു ഞാൻ ആർക്കും ദു:ഖം തരുന്നില്ല. ഇതൊക്കെ അറിഞ്ഞിരിയ്ക്കേണ്ട കാര്യങ്ങളാണ്. കുഞ്ഞ് ജനിച്ചാൽ സന്തോഷിയ്ക്കും, കുഞ്ഞ് മരിച്ചാൽ കരയും, ഭഗവാൻ ദു:ഖം തന്നു എന്ന് പറയുന്നു. ഈ അൽപ്പകാലത്തെ സുഖവും ദു:ഖവും നിങ്ങൾക്ക് രാവണരാജ്യത്തിൽ നിന്നും തന്നെയാണ് കിട്ടുന്നത്. എന്റെ രാജ്യത്തിൽ ദു:ഖം എന്നൊരു കാര്യമേയില്ല. സത്യയുഗത്തിനെ അമരലോകം എന്നു പറയുന്നു. ഈ ലോകത്തിന്റെ പേര് തന്നെ മൃത്യുലോകം എന്നാണ്. അകാലത്തിൽ മരിച്ചു പോകുന്നു. സത്യയുഗത്തിലാണെങ്കിൽ സന്തോഷം കൊണ്ട് ആഘോഷമാണ്, ദീർഘായുസ്സും ഉണ്ടായിരിയ്ക്കും. ഏറ്റവും നീണ്ട ആയുസ്സ് 150 വയസ്സാണ്. ഇവിടെയും ചിലപ്പോൾ ചിലർക്ക് ദീർഘായുസ്സ് കിട്ടാറുണ്ട് എന്നാലും ഈ ലോകം സ്വർഗമല്ലല്ലോ? ചിലർ ശരീരം നന്നായി നോക്കുന്നവരായിരിയ്ക്കും അതിനാൽ ദീർഘായുസ്സും കാണും, പക്ഷേ അത്രയും മക്കളും കാണും. കുടുംബം വലുതാകും, പെട്ടെന്ന് വർദ്ധനയുണ്ടാകും. വൃക്ഷങ്ങളിൽ ശിഖരങ്ങൾ വളരുന്നതു പോലെ– 50 ശിഖരങ്ങൾ പിന്നെ അതിൽ നിന്നും 50 എണ്ണം, അങ്ങനെ വലുതാകുന്നു. ഇവിടേയും വൃക്ഷത്തിനെപ്പോലെയായതുകൊണ്ടാണ് ആൽ വൃക്ഷത്തിന്റെ ഉദാഹരണം കാണിയ്ക്കുന്നത്. വൃക്ഷം പൂർണ്ണമായും നിൽപ്പുണ്ട് പക്ഷേ തായ്ത്തടി ഇല്ല. ഇവിടെ ആദി സനാതന ദേവീദേവതാധർമ്മത്തിന്റെ തായ്ത്തടിയില്ല. ആർക്കും അറിയില്ല എപ്പോഴാണ് ദേവതകൾ ഉണ്ടായിരുന്നതെന്ന്, ലക്ഷക്കണക്കിനു വർഷങ്ങളുടെ കാര്യം പറയുന്നു. പണ്ട് നിങ്ങൾ ഇതിനെക്കുറിച്ചൊന്നും

ചിന്തിച്ചിട്ടേയില്ല. ഈ കാര്യങ്ങളെല്ലാം ബാബ തന്നെയാണ് വന്നു പറഞ്ഞു തന്നത്. ഇപ്പോൾ ബാബയെക്കുറിച്ചും സൃഷ്ടിയുടെ ആദി മധ്യ അന്ത്യത്തിനെക്കുറിച്ചും നിങ്ങൾ മനസ്സിലാക്കി. എങ്ങനെയാണ് പുതിയലോകം പഴയതാകുന്നത് പഴയലോകം പുതിയതാകുന്നത് ഇക്കാര്യം ആർക്കും അറിയില്ല. നിങ്ങൾ കുട്ടികൾ ഇപ്പോൾ ഓർമ്മയുടെ യാത്രയിലാണ്. നിങ്ങൾക്ക് നിത്യവും ഈ യാത്ര നടത്തണം. ചുറ്റിക്കറങ്ങിക്കോളൂ പക്ഷേ ഓർമ്മയുടെ യാത്രയും വേണം. ഇതാണ് ആത്മീയ യാത്ര. ഭക്തിമാർഗത്തിൽ നമ്മളും തീർത്ഥാടനങ്ങൾക്കൊക്കെ പോയിരുന്നു എന്ന കാര്യം നിങ്ങൾക്കറിയാം. ഉറച്ച ഭക്തന്മാർ ഒരുപാട് തീർത്ഥടനങ്ങൾക്കു പോകാറുണ്ട്. ഒരു ശിവന്റെ ഭക്തിചെയ്യുന്നതാണ് അവ്യഭിചാരി ഭക്തി എന്ന് ബാബ നമുക്ക് മനസ്സിലാക്കി തരുന്നു. പിന്നെ ദേവതകളുടെ ഭക്തി ചെയ്യുന്നു, പിന്നെ 5 തത്വങ്ങളുടെ ഭക്തി ചെയ്യുന്നു. ദേവതകളുടെ ഭക്തി ചെയ്യുന്നത് പിന്നെയും ഉത്തമമാണ് കാരണം അവരുടെ ശരീരം സതോപ്രധാനമാണ്, മനുഷ്യരുടെ ശരീരം പതീതമാണ്. പാവനമായിരുന്ന ദേവതകൾ ദ്വാപരയുഗം മുതൽ പതീതമായി, താഴേയ്ക്കിറങ്ങി. മറ്റുള്ളവർക്കു പറഞ്ഞു കൊടുക്കുവാൻ ഏണിപ്പടിയുടെ ചിത്രം വളരെ നല്ലതാണ്. ജിന്നിനെക്കുറിച്ചുള്ള കഥ പറയാറില്ലേ ഇതെല്ലാം ഈ സമയത്തെ ഉദാഹരണങ്ങളാണ്. ഇതെല്ലാം നിങ്ങളെക്കുറിച്ചുള്ളതാണ്. ആത്മാക്കളെ തനിയ്ക്കു സമാനമാക്കി മാറ്റുന്ന നിങ്ങളെ സൂചിപ്പിയ്ക്കുന്നതാണ് വേട്ടാളന്റെ ഉദാഹരണം. സംഗമയുത്തിന്റെ ഉദാഹരണങ്ങളാണ് ഇതെല്ലാം.

നേരത്തെ നിങ്ങൾ കുട്ടികൾ ഭൗതികയാത്ര നടത്തിയിരുന്നു. ഇപ്പോൾ ബാബയിൽ നിന്നും ആത്മീയ യാത്ര പഠിക്കുന്നു. ഇതു പഠിത്തമാണ്. ഭക്തിയിൽ എന്തൊക്കെയാണു കാണിയ്ക്കുന്നത്, എല്ലാവരുടേയും മുന്നിൽ ശിരസ്സു കുനിയ്ക്കുന്നു, ആരുടേയും കർത്തവ്യത്തെക്കുറിച്ചു മനസ്സിലാക്കുന്നില്ല. കണക്കെടുക്കാറില്ലേ, ഏറ്റവും കൂടുതൽ ജന്മം ആരെടുക്കുന്നു, പിന്നെ ജന്മങ്ങൾ കുറയുന്നു. നിങ്ങൾക്കിപ്പോൾ ഈ ജ്ഞാനം കിട്ടിക്കഴിഞ്ഞു. സ്വർഗം ഉണ്ടായിരുന്നു എന്നു നിങ്ങൾക്കറിയാം. സ്വർഗത്തിനെക്കുറിച്ചു ചോദിച്ചാൽ ലക്ഷം വർഷങ്ങൾക്കു മുൻപാണെന്ന് പറയുന്ന രീതിയിൽ ഭാരതവാസികൾ കല്ലു ബുദ്ധികളായിപ്പോയി. നമ്മൾ വിശ്വത്തിത്തിന്റെ അധികാരികളായിരുന്നു എന്നു നിങ്ങൾക്കിപ്പോൾ അറിയാം. നമ്മൾ എത്ര സുഖികളായിരുന്നു. നമുക്കിപ്പോൾ യാചകനിൽ നിന്നും രാജകുമാരനാകണം. പുതിയ ലോകം തന്നെ പഴയതായി. പരിശ്രമിയ്ക്കുവാൻ ബാബ പറയുന്നു. ഇതും അറിയാം മായ ഇടക്കിടെ മറപ്പിക്കുന്നു.

ബാബ മനസ്സിലാക്കിത്തരുന്നു, നമ്മൾ പൊയ്ക്കൊണ്ടിരിയ്ക്കുകയാണു, പഴയ ലോകത്തിൽ നിന്നും നമ്മുടെ നങ്കൂരം എടുത്തുകഴിഞ്ഞു എന്ന കാര്യം ബുദ്ധിയിൽ സദാ ഓർമ്മിയ്ക്കണം തോണി അക്കരെ എത്തണം. നമ്മെ അക്കരെ എത്തിയ്ക്കൂ തോണിക്കാരാ എന്നു പാടാറില്ലേ. പക്ഷേ അക്കരെ എത്തേണ്ടത് എപ്പോഴാണെന്നറിയില്ല. മുഖ്യമായ കാര്യം ഓർമ്മയുടെ യാത്രയാണ്. ബാബയോടൊപ്പം സമ്പത്തും ഓർമ്മിയ്ക്കണം. മക്കൾ യൗവ്വനമായാൽ ബുദ്ധിയിലെപ്പോഴും അച്ഛന്റെ സമ്പത്തായിരിയ്ക്കും. നിങ്ങൾ മുതിർന്നവരാണ്, അതുകൊണ്ട് പരിധിയില്ലാത്ത ബാബയുടെ സമ്പത്ത് സ്വർഗമാണെന്ന കാര്യം ശരിയാണെന്ന് ആത്മാവിനു പെട്ടെന്ന് മനസ്സിലാകുന്നു .ബാബ സ്വർഗം സ്ഥാപിയ്ക്കുന്നു അപ്പോൾ ബാബയുടെ ശ്രീമത്തനുസരിച്ചു നടന്നേ പറ്റൂ. ബാബ പറയുന്നു, തീർച്ചയായും പവിത്രമാകണം. പവിത്രതയുടെ പേരിൽ തന്നെയാണ് വഴക്ക് കൂടുന്നത്. അങ്ങനെയുള്ളവർ ഘോര നരകത്തിൽ പെട്ടത് പോലെയാണ്. വീണ്ടും വികാരങ്ങളിലേയ്ക്കു വീണു പോകുന്നു അതുകൊണ്ട് ബാബയെ ഓർമ്മിയ്ക്കുവാൻ കഴിയുന്നില്ല. വിനാശകാലേ വിപരീത ബുദ്ധികളല്ലേ. പ്രീത ബുദ്ധിയുള്ളവരാക്കാനാണ് ബാബ വന്നിരിയ്ക്കുന്നത്. അൽപ്പം പോലും പ്രീതബുദ്ധിയില്ലാത്തവരും ഉണ്ട്. ഒരിയ്ക്കലും ബാബയെ ഓർമ്മിയ്ക്കുന്നതേയില്ല. ശിവബാബയെ അറിയുന്നതും ഇല്ല, അംഗീകരിയ്ക്കുന്നതുമില്ല. പൂർണ്ണമായും മായയുടെ ഗ്രഹപ്പിഴയിലാണ്. ഓർമ്മയുടെ യാത്രയേയില്ല. ബാബ പ്രയത്നം ചെയ്യിപ്പിക്കുന്നുമുണ്ട്, ഇവിടെ സൂര്യവംശി ചന്ദ്രവംശി രാജധാനി സ്ഥാപിച്ചുകൊണ്ടിരിയ്ക്കുന്നു എന്ന കാര്യവും അറിയാം. സത്യ- ത്രേതായുഗത്തിൽ ഒരു ധർമ്മവും സ്ഥാപിയ്ക്കപ്പെടുന്നില്ല. രാമൻ ധർമ്മം സ്ഥാപിക്കുന്നില്ല. സ്ഥാപന നടത്തുന്ന ബാബയുള്ളതു കൊണ്ടാണ് രാമനാകുന്നത്. മറ്റു ധർമ്മ സ്ഥാപകർ ധർമ്മം സ്ഥാപിയ്ക്കുനതും ബാബ ധർമ്മം സ്ഥാപിയ്ക്കുന്നതും തമ്മിൽ രാത്രിയുടെയും പകലിന്റേയും വ്യത്യാസം ഉണ്ട്. സംഗമയുഗത്തിൽ വിശ്വപരിവർത്തനം നടക്കേണ്ട സമയത്ത് ബാബ വരുന്നു. ബാബ പറയുന്നു കൽപ കൽപം, കൽപ്പത്തിന്റെ സംഗമയുഗത്തിൽ ഞാൻ വരുന്നു. മനുഷ്യർ പിന്നെ തെറ്റായി യുഗേ യുഗേ എന്നെഴുതി വച്ചിരിക്കുന്നു. അരകല്പ്പം ഭക്തീമാർഗം തന്നെയായിരിയ്ക്കണം. അതുകൊണ്ട് ബാബ പറയുന്നു കുട്ടികളേ ഇക്കാര്യങ്ങളൊന്നും മറക്കരുത്. പറയുന്നു, ബാബാ ഞാൻ താങ്കളെ മറന്നു പോകുന്നു. ഹേയ്, മൃഗങ്ങൾ പോലും അവയുടെ അച്ഛനെ മറക്കാറില്ല. എന്തുകൊണ്ട് നിങ്ങൾ മറക്കുന്നു? സ്വയം ആത്മാവാണെന്നു മനസ്സിലാക്കുന്നില്ല! ദേഹാഭിമാനിയാകുമ്പോൾ തന്നെയാണ് ബാബയെ മറക്കുന്നത്. ബാബ മനസില്ലാക്കി തരുന്നതു പോലെ മറ്റുള്ളവർക്ക് മനസ്സിലാക്കികൊടുക്കുവാൻ നിങ്ങളും ശീലിയ്ക്കണം. അഭിമാനത്തോടു കൂടി സംസാരിയ്ക്കണം. വലിയ ആളുകളുടെ മുൻപിൽ സങ്കോചത്തോടെ നിൽക്കുവാൻ പാടില്ല. നിങ്ങൾ കുമാരിമാർ വലിയ വലിയ വിദ്വാൻമാരുടേയും പണ്ഡിതന്മാരുടേയും മുൻപിൽ നിർഭയരായി നിന്ന് മനസ്സിലാക്കികൊടുക്കണം. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാലവന്ദനവും ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണയ്ക്കുള്ള മുഖ്യമായ സാരം –**

1) ബുദ്ധിയിൽ സദാ ഓർമ്മയുണ്ടായിരിയ്ക്കണം, നമ്മൾ പൊയ്ക്കൊണ്ടിരിയ്ക്കുകയാണ്, ഈ പഴയ ലോകത്തിൽ നിന്നും നമ്മുടെ തോണിയുടെ നങ്കൂരം വിട്ടു കഴിഞ്ഞു. ആത്മീയ യാത്രയിലാണ് നമ്മൾ. ആത്മീയ യാത്ര നടത്തണം മറ്റുള്ളവരെക്കൊണ്ടും ചെയ്യിപ്പിയ്ക്കണം.

2) ഏതു വലിയ വ്യക്തിയുടെ മുൻപിലും നിർഭയരായി (അഭിമാനത്തോടെ) സംസാരിയ്ക്കണം, സംശയിച്ച് നിൽക്കരുത്. ദേഹീ അഭിമാനിയായി മനസ്സില്ലാക്കിക്കൊടുക്കാൻ ശീലിയ്ക്കണം.

## വരദാനം – വ്യർത്ഥം അഥവാ മായയിൽ നിന്നും ഇന്നസെന്റായി(നിഷ്കളങ്കം) ദിവ്യതയുടെ അനുഭവം ചെയ്യുന്ന മഹാൻ ആത്മാവായി ഭവിയ്ക്കട്ടെ.

മഹാൻ ആത്മാവ് അർത്ഥം സെയിന്റ് എന്നാൽ വ്യർത്ഥത്തിൽ നിന്നും മായയിൽ നിന്നും ഇന്നൊസെന്റ്(നിഷ്കളങ്കം). എങ്ങനെയാണോ ദേവതകൾ ഇതിൽ നിന്നും ഇന്നൊസെന്റ് ആയിരുന്നത്, അതുപോലെ താങ്കൾ ആ സംസ്കാരത്തെ ഇമർജ്ജ് ചെയ്യൂ. വ്യർത്ഥത്തിന്റെ അവിദ്യ സ്വരൂപരാകൂ. എന്തുകൊണ്ടെന്നാൽ ഈ വ്യർത്ഥത്തിന്റെ ആവേശം പലപ്പോഴും സത്യതയുടെ ബോധത്തെ യാഥാർത്ഥ്യതയുടെ ബോധത്തെ സമാപ്തമാക്കുന്നു. അതിനാൽ സമയം, ശ്വാസം, വാക്ക് കർമ്മം, എല്ലാത്തിലും വ്യർത്ഥത്തിലും നിന്നും ഇന്നൊസെന്റാകണം. എപ്പോഴാണോ വ്യർത്ഥത്തിന്റെ അവിദ്യയുണ്ടാകുന്നത്, അപ്പോഴാണ് ദിവ്യതയുടെ അനുഭവം സ്വതവേ ഉണ്ടാകുന്നത്, അനുഭവം ചെയ്യിക്കാനും സാധിക്കുന്നത്.

## സ്ലോഗൻ – ഫസ്റ്റ് ഡിവിഷനിലേക്ക് വരണമെങ്കിൽ ബ്രഹ്മാബാബയുടെ ചുവടിന്മേൽ ചുവടുകൾ വെക്കണം.